# Desabhimani

## 31 August 2018

## Kochi, After Flood, Cleaning

# യൂത്ത് ബ്രിഗേഡ് ശുചീകരിച്ചത് 9530 വീടുകൾ

**കൊച്ചി**

പ്രളയദുരന്തത്തിൽപ്പെട്ടവരെ കൈപിടിച്ചുയർത്താനുള്ള അക്ഷീണ പ്രയത്നവുമായി യുവത. ആയിരക്കണക്കിന് വീടുകളും വ്യാപാര സ്ഥാപനങ്ങളും സ്കൂളുകളും ആശുപത്രികളും ആരാധനാലയങ്ങളും വൃത്തിയാക്കി ഡിവൈഎഫ്ഐ യൂത്ത് ബ്രിഗേഡിന്റെ ശുചീകരണ പ്രവർത്തനങ്ങൾ ജില്ലയിൽ പൂർത്തിയാവുന്നു. ഇതുവരെ 9530 വീടുകളാണ് ശുചീകരിച്ചത്. 64സ്കൂളുകൾ, 14 കോളേജുകൾ, 38 ആരാധനാലങ്ങൾ, 94 അങ്കണവാടികൾ, 43 ഓഡിറ്റോറിയങ്ങൾ, 370 ലേറെ കിണറുകൾ എന്നിവയും വൃത്തിയാക്കി.

കണ്ണൂരിൽ നിന്ന് 200 പേരും കാസർകോഡ്, കോഴിക്കോട് ജില്ലകളിൽ നിന്ന് 120 പേർ വീതവും ജില്ലയിൽനിന്നും 600 പേരുമാണ് വ്യാഴാഴ്ച ശുചീകരണത്തിന് പറവൂർ, ആലങ്ങാട്, നെടുമ്പാശേരി മേഖലയിൽ രംഗത്തിറങ്ങിയത്. പറവൂർ അണ്ടിപ്പിള്ളിക്കാവ് എച്ച്ഡിപിവൈ ഹൈസ്കൂൾ, അണ്ടിപ്പിള്ളിക്കാവ് ശ്രീലക്ഷ്മി നാരായണ ക്ഷേത്രം, വടക്കേക്കര നാഗയക്ഷിക്കാവ്, ചിറ്റാറ്റുകര പല്ലൻ തുരുത്ത് അങ്കണവാടി, ലൈബ്രറി എന്നിവ യൂത്ത് ബ്രിഗേഡിന്റെ നേതൃത്വത്തിൽ വൃത്തിയാക്കി. സിപിഐ എം കേന്ദ്ര കമ്മിറ്റിയംഗം എം വി ഗോവിന്ദന്റെ ഭാര്യയും ആന്തൂർ നഗരസഭ ചെയർപേഴ്സനുമായ ശ്യാമളയുടെ നേതൃത്വത്തിൽ എത്തിയ 35 അംഗ യൂത്ത് ബ്രിഗേഡ് പറവൂരിലെ പഴമ്പിള്ളിതുരുത്ത് ശുചീകരിച്ചു.

പറവൂരിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് ടി വി നിഥിൻ, കെ എസ് സനീഷ് , എ സി ഷാൻ, കെ എസ് സുനീഷ് , വി യു ശ്രീജിത്ത്, വി എസ് ശ്രീജിത്ത് എന്നിവർ നേതൃത്വം നൽകി. ജില്ലയിൽ ഏതെങ്കിലും വീടുകളോ ആരാധനലായങ്ങളോ മറ്റു സ്ഥാപനങ്ങളോ ശുചീകരിക്കാൻ യൂത്ത് ബ്രിഗേഡിന്റെ സേവനം ആവശ്യമുള്ളവർ ജില്ലാ സെന്റർ (ഫോൺ: 9061858430), ആലങ്ങാട് (ഫോൺ: 9497280985), നെടുമ്പാശ്ശേരി (ഫോൺ: 9846676160), പറവൂർ (ഫോൺ: 9947670903) , ആലുവ (ഫോൺ: 09847714491 ) എന്നീ നമ്പറുകളിൽ ബന്ധപ്പെടണം. ആഗസ്റ്റ് 19ന് തുടങ്ങിയ ശുചീകരണം സെപ്തംബർ രണ്ടുവരെ തുടരുമെന്ന് ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറി അഡ്വ. കെ എസ് അരുൺകുമാർ അറിയിച്ചു.



അങ്കമാലി മള്ളുത്തുരുത്ത് കോളനിയിൽ പ്രളയത്തിൽ പൂർണമായി തകർന്ന വീടുകളിലൊന്ന്